**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 76** **16-09-2025 - ൽ മറുപടിയ്ക്ക്**

**മുളന്തുരുത്തി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 112/2004 ന്റെ അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുളന്തുരുത്തി പോലീസ് സ്റ്റേഷനിൽ 112/2004 ക്രൈം നമ്പറായി രജിസ്റ്റർ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) | മുളന്തുരുത്തി പോലീസ് സ്റ്റേഷൻ ക്രൈം.112/2004 ക്രൈം നമ്പറായി രജിസ്റ്റർ ചെയ്ത കേസ് ക്രൈം ബ്രാഞ്ചിന് കൈമാറുകയും ടി കേസിൽ അന്വേ ഷണം പൂർത്തിയാക്കി അന്വേഷണ ഉദ്യോഗസ്ഥൻ ബഹു കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിരുന്നതും, കോടതി വിചാരണ നടത്തി പ്രതിയെ 26.03.2012 തീയതി വെറുതെ വിട്ടിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഏതെല്ലാം ഏജൻസികൾ അന്വേഷണം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 174 CrPC പ്രകാരം രജിസ്റ്റർ ചെയ്ത് 28.07.2004-ൽ ഫൈനൽ റിപ്പോർട്ട് സമർപ്പിച്ച കേസിൽ മൂവാറ്റുപുഴ ഡി.വൈ. എസ്.പി തുടരന്വേഷണം നടത്തുകയും 498 A IPC വകുപ്പ് കൂട്ടിച്ചേർക്കുകയും ബഹു.കോടതി മുൻപാകെ കുറ്റപത്രം സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് കേസ് ക്രൈംബ്രാഞ്ചിന് കൈമാറുകയും അന്വേഷണം പൂർത്തീകരിച്ച് കുറ്റപത്രം സമർപ്പിക്കുകയും ബഹു.കോടതി വിചാരണ നടത്തി പ്രതിയെ വെറുതെ വിട്ടിട്ടു ഉള്ളതുമാണ്. |
| (സി) | പ്രസ്തുത കേസ് സി. ബി. ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പ്രസ്തുത കേസ് CBI അന്വേഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഈ കേസിൽ മരണപ്പെട്ട ഷാനിയുടെ സഹോദരൻ ശ്രീ.ബേബി പരാതി സമർപ്പിച്ചിരുന്നു.<br><br>ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ച ഈ കേസിൽ ബഹുമാനപ്പെട്ട സെഷൻസ് കോടതി വിചാരണ നടത്തി പ്രതിയെ കുറ്റവിമുക്ത നാക്കിയിരുന്നു. തുടർന്ന് അപ്പീൽ സ്കോപ്പിനായി ലീഗൽ ഒപ്പീനിയൻ തേടിയിരുന്നെങ്കിലും, അപ്പീലിന് സാധ്യതയില്ലെന്ന ലീഗൽ ഒപ്പീനിയൻ ലഭിച്ചിരുന്നു. ഈ കേസിൽ പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ ശരീരത്തിൽ മുറി പരിക്കുകൾ എന്തെങ്കിലും ഉള്ളതായി പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർ രേഖപ്പെടുത്തിയിട്ടില്ല. കേസിലെ |

| | | | |
|---|---|---|---|
| | | | അന്വേഷണ റിപ്പോർട്ടുകളും അതോടൊപ്പം മേൽ വസ്തുതകളും പരിശോധിച്ച് പ്രസ്തുത കേസിലേക്ക് തുടർന്നും അന്വേഷണം നടത്തേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ